2. മധുര-തിരുവനന്തപുരം 400 കെ. വി.ലൈൻ നിർമ്മാണവും പവർഗ്രിഡിന്റെ അനുബന്ധ ജോലികളും സമയബന്ധിതമായി 31-12-2003-ൽ തന്നെ പൂർത്തിയാക്കുക.

3. മാടക്കത്തറ 400 കെ. വി. സബ് സ്റ്റേഷനിലെ ഊർജ്ജ ലഭ്യതയേയും വിതരണത്തേയും കുറിച്ച് വിശദമായ പഠനം നടത്തിയ ശേഷം ആവശ്യമെങ്കിൽ സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി കൂട്ടുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4. റവന്യൂ കളക്ഷൻ കൂടുതൽ കാര്യക്ഷമമാക്കാനുള്ള സമയബന്ധിത പദ്ധതികൾ ആവിഷ്ക്കരിക്കുക.

5. കേടായ മീറ്ററുകൾ, തെറ്റായ മീറ്റർ റീഡിംഗ്, ശരിയല്ലാത്ത ബില്ലിംഗ്, മോഷണം എന്നിവകൊണ്ടുള്ള നഷ്ടം ഏറെക്കുറെ കൃത്യമായി കണക്കാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

6. കേടായ മീറ്ററുകൾ കണ്ടുപിടിക്കാനും മാറ്റിവയ്ക്കാനും ഉള്ള നടപടികൾ സ്വീകരിക്കുക.

7. എച്ച്. ടി., ഇ. എച്ച്. ടി., ഉപഭോക്താക്കൾക്ക് കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നത് കൂടാതെ വിദൂര മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

8. ചില തിരഞ്ഞെടുക്കപ്പെട്ട ഫീഡറുകളിലും റിമോട്ട് മീറ്ററിംഗ് (വിദൂര മീറ്ററിംഗ്) നടത്തുക.

(സി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ 1,2,4,5,6 എന്നിവ പരിഗണിച്ചു വരുന്നു. 3,7,8 എന്നിവ പരിശോധിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ശുപാർശ

106 (1642) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജിൽ വരുത്തിയ ആകെ വർദ്ധനവ് മുൻ ഗവൺമെന്റിന്റെ കാലത്ത് നിലവിലുണ്ടായിരുന്നതിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിവിധ വിഭാഗങ്ങൾക്ക് ഈടാക്കിയിരുന്ന വൈദ്യുതി ചാർജും ഇപ്പോൾ ഈടാക്കുന്നതും തമ്മിലുള്ള വ്യത്യാസം എന്നിവകളടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) എത്രയധികം ചാർജ്ജ് വർദ്ധിപ്പിക്കുവാനാണ് റഗുലേറ്ററി കമ്മീഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ ഗവൺമെന്റ് എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10-8-2001 മുതൽ 25% വും 1-10-2002 മുതൽ 20 ശതമാനവും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ബി) സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ റഗുലേറ്ററി കമ്മീഷൻ സർക്കാരിനോട് ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല.

(ഡി) പ്രസക്തമല്ല.

വൈദ്യുതി ബോർഡിന്റെ ഉൽപ്പാദനക്ഷമത

107 (1646) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീമതി മെഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിലെ മൊത്തം ജീവനക്കാരുടെ എണ്ണമെത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായി ഉൽപ്പാദനക്ഷമത വൈദ്യുതിബോർഡിനുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്ര കാലമായി ഈ സ്ഥിതി തുടരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥിതിക്ക് മാറ്റം വരുത്താനും, ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി ഉൽപ്പാദനക്ഷമത കൈവരിക്കാനും എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ഇ) ഈ നടപടികളെടുത്തിട്ടും ഉൽപ്പാദനക്ഷമത വർദ്ധിക്കാതിരിക്കുന്നതിനുള്ള കാരണമെന്ത് ?

ഉത്തരം

(എ) 23800 പേർ.

(ബി-ഇ) വിലയിരുത്തി വരുന്നതേയുള്ളു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly